# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 07/ 03/ 2018

## വനിതാ ദിനം – പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക്

കൊല്ലം : അന്തർദേശീയ വനിതാ ദിനമായ മാർച്ച് എട്ടാം തീയതി കൊല്ലം സിറ്റിയിലെ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായിരിക്കും ഇന്നേ ദിവസം കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ് ചാത്തന്നൂർ, കിളികൊല്ലൂർ എന്നീ സ്റ്റേഷനുകളിൽ എസ് എച്ച് ഒ മാരായി വനിതാ സിഐയേയും, വനിതാ സബ് ഇൻപെക്ടർമാരേയും നിയോഗിച്ചു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും റിസപ്ഷൻ ഡ്യൂട്ടി, ഹെൽപ്പ് ഡെസ്ക്, സ്റ്റേഷൻ ജിഡി, പരാതി അന്വേഷണം തുടങ്ങി പ്രധാന ഡ്യൂട്ടികളെല്ലാം വനിതാ പോലീസ് ഉദ്യോഗസ്ഥർ നിർവഹിക്കും. വിവിധ സ്റ്റേഷനുകളിൽ 150 നിർഭയ വോളന്റിയർമാരുടെ സേവനവും ഉണ്ടായിരിക്കും സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നതിനും സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിന്റെയും ഭാഗമായാണ് സിറ്റി പോലീസ് വനിതാ ദിനത്തോടനുബന്ധിച്ച് പോലീസ് സ്റ്റേഷനുകളിലെ പ്രധാന ചുമതലകൾ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നത്. വിവിധ മേഖലയിലെ സ്ത്രീകളെ ഉൾപ്പെടുത്തി സ്ത്രീശാക്തീകരണത്തെ സംബന്ധിച്ച് സെമിനാറുകൾ, സ്ത്രീ സുരക്ഷയെ മുൻനിർത്തിയുള്ള ജാഗ്രതാ സെമിനാറുകൾ തുടങ്ങിയവ സിറ്റി പോലീസ് സംഘടിപ്പിക്കും.

